പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

..........................................

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2009

08.03.2018 - ൽ മറുപടിക്ക്.

## വ്യവസായ രംഗത്ത് കൂടുതൽ മൂതൽ മുടക്ക് കൊണ്ടു വരുന്നതിന് പദ്ധതി

......................

ചോദ്യം
ശ്രീ. എം. ഉമ്മർ

മറുപടി
ശ്രീ. എ. സി. മൊയ്തീൻ
(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി).

(എ) വ്യവസായ രംഗത്ത് കൂടുതൽ മുതൽ മുടക്ക് കൊണ്ടുവരുന്നതിനും ആധുനീകരിക്കുന്നതിനും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കർമ്മ പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിനായി നിയമ നിർമ്മാണം നടത്തുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദമാക്കുമോ;

(എ) : & (ബി) വ്യവസായ രംഗത്ത് കൂടുതൽ മുതൽ മുടക്ക് കൊണ്ടുവന്ന് കേരളത്തെ വ്യവസായ സൗഹൃദ സംസ്ഥാനമായി വളർത്തിയെടുക്കുന്നതിനായി സംസ്ഥാനത്തെ വ്യവസായ മേഖലയെ കുറിച്ച് വ്യക്തമായ പഠനം നടത്തുകയും വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വേണ്ട നിയമപരമായ അനുമതി വേഗത്തിൽ ലഭ്യമാക്കുന്നതിന് ഉതകുന്ന രീതിയിൽ നിയമങ്ങളിൽ ഭേദഗതി വരുത്തി "ദി കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആൻഡ് ഫെസിലിറ്റേഷൻ ഓർഡിനൻസ് - 2017" പുറത്തിറക്കിയിരിക്കുയാണ്. ഓർഡിനൻസ് നിയമമാക്കുന്നതിനുള്ള ബില്ല് നിയമസഭയിൽ അവതരിപ്പിച്ചിരിക്കുകയാണ്. ഇത്തരത്തിൽ വ്യവസായ സൗഹൃദ അന്തരീക്ഷമൊരുക്കി സംസ്ഥാനത്തിന്റെ വ്യവസായ മേഖലയുടെ ഉന്നമനത്തിനുള്ള സമഗ്ര പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ചിട്ടുള്ളത്.

വ്യവസായ ജാലകം പദ്ധതി, സംരംഭകത്വ വികസന പരിശീലന പരിപാടികൾ, ടെക്നോളജി ക്ലിനിക്കുകൾ, സംരംഭകർക്കുള്ള സാമ്പത്തിക സഹായം നല്കുന്നതിനുള്ള സംരംഭക സഹായ പദ്ധതി, നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി, ആഷാ പദ്ധതി, ക്ലസ്റ്റർ ഡെവലപ്മെന്റ് പ്രോഗ്രാമുകൾ എന്നീ പദ്ധതികളും വ്യവസായ പശ്ചാത്തല സൗകര്യ വികസനത്തിന്റെ ഭാഗമായി നടപ്പിലാക്കുന്ന മൾട്ടി സ്റ്റോറീഡ് ശാലകളുടെ നിർമ്മാണം, നിലവിലുള്ള ഡി.എ/ഡി.പി.കളിൽ ജലലഭ്യത വൈദ്യുതികരണം ആഭ്യന്തര റോഡുകളുടെ വികസനം തുടങ്ങിയ അടിസ്ഥാന സൗകര്യ വികസന

പദ്ധതികളും, നിക്ഷേപകരുടെ മേളകൾ എം.എസ്.എം.ഇ. ഉത്പന്ന വിപണന മേളകൾ, മെഷീനറി എക്സിബിഷൻ എന്നീ പദ്ധതികളും നടപ്പിലാക്കുന്നതിലൂടെ സംസ്ഥാനത്ത് വ്യവസായ മേഖലയുടെ വളർച്ച നിരക്ക് വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം കൈവരിക്കാൻ കഴിയും.

(സി) പ്രസ്തുത കർമ്മപദ്ധതി നടപ്പിലാക്കുമ്പോൾ പ്രകൃതി വിഭവങ്ങളുടെ കാര്യത്തിൽ സുസ്ഥിര വികസനം എന്ന ലക്ഷ്യം നിറവേറ്റാൻ കഴിയുന്ന തരത്തിൽ പദ്ധതികൾ ആവിഷ്കരിക്കുമോ ; വിശദമാക്കുമോ ?

(സി) : കേരളത്തിൽ പരിസ്ഥിതി സൗഹൃദ വ്യവസായത്തിനാണ് ഇപ്പോൾ ഊന്നൽ നൽകുന്നത്. വ്യവസായ വാണിജ്യ വകുപ്പ് നടപ്പിലാക്കുന്ന എല്ലാ വ്യവസായ വികസന പദ്ധതികളിലും പരിപാടികളിലും പ്രകൃതിയ്ക്ക് ദോഷം വരാത്ത തരത്തിൽ പ്രകൃതി വിഭവങ്ങളെ ശാസ്ത്രീയമായി പ്രയോജനപ്പെടുത്തി വ്യവസായ സംരംഭങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് പരിശീലനം നൽകാറുണ്ട്. പരിസ്ഥിതി സൗഹൃദമായ വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യം മുന്നിൽ കണ്ട് പ്ലാസ്റ്റിക് വേസ്റ്റ് റീ സൈക്ലിങ് യൂണിറ്റുകൾ, ജൈവ വിഘടന സ്വഭാവമുള്ള പ്ലാസ്റ്റിക് ഉത്പന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റുകൾ എന്നിവയ്ക്ക് മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തി 5% അധിക സബ്സിഡി സംരംഭകത്വ സഹായ പദ്ധതി പ്രകാരം നൽകുന്നുണ്ട്. എല്ലാ വ്യവസായ വികസന ഏരിയകളിലും പ്ലോട്ടുകളിലും 5% പ്ലാസ്റ്റിക് റീ സൈക്ലിങ് വ്യവസായങ്ങൾക്ക് നീക്കിവെക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ.